LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ

154 (3664) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1. സംസ്ഥാന തീരദേശ മേഖലയുടെ വികസനം

2. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം, താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വ ശൗചനാലയം എന്നിവ ലഭ്യമാക്കൽ

3. ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണം സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കൽ

4. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.

5. സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞമാസത്തിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുക.

8. നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10HP യ്ക്ക് താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക.

9. സംസ്ഥാനത്തെ 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭ്യാസവും ഭക്ഷണവും മറ്റു സൗകര്യങ്ങളും നൽകുക.

10. മത്സ്യവും മത്സ്യ ഇതര ഉൽപ്പന്നങ്ങളും ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

11. തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പുവരുത്തുക.

12. മത്സ്യസമൃദ്ധി പദ്ധതിയിലൂടെ ഉറസ്സായ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി അലങ്കാര മത്സ്യങ്ങളുടെ അക്വേറിയം സസ്യങ്ങളുടെയും ഉൽപ്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യകർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ.

കൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധനോപകരണങ്ങൾക്ക് പകരം പുതിയവ നൽകൽ തുടങ്ങിയ ധാരാളം സേവനങ്ങളാണ് മത്സ്യമേഖലയിലെ കർമ്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി നൽകിയ പദ്ധതികൾ ജില്ലാ ഓഫീസർമാർ/ഏജൻസികൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly